പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 720

6.2.2013 ൽ
മറുപടിക്ക്

## കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിന്റെ സ്ഥലമെടുപ്പ് പൂർത്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്കിന് ആവശ്യമായി സ്ഥലമെടുപ്പ് പൂർത്തിയായി-ക്കഴിഞ്ഞുവോ ; | എ) പൂർത്തിയായിട്ടുണ്ട്. ഭൂമി അക്വയർ ചെയ്തപ്പോൾ ഉണ്ടായ ചില പിഴവുകൾ പരിഹരിക്കാൻ വേണ്ടി കുറച്ച് ഭൂമി കൂടി അക്വയർ ചെയ്യാനുണ്ട്. |
| ബി) സ്ഥലമെടുപ്പ് പൂർത്തിയായിക്കഴി-ഞ്ഞശേഷം ഏറ്റെടുത്ത ഭൂമി ഒഴിവാക്കിത്തരണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും<br><br>ഉണ്ട്. അക്വിസിഷൻ നടപടി പൂർത്തിയാവുന്നതിന് മുമ്പ് താഴെപ്പറയുന്ന 8 കേസ്സുകൾ ബഹു: ഹൈക്കോടതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനെതിരായി ഫയൽ ചെയ്തിരുന്നു.<br>WP(C)No.5156 of 2011 ശ്രീമതി പാത്തേയി മുതൽപേർ<br>WP(C)No.5464 of 2011 ശ്രീമതി ടി. രാജലക്ഷ്മി<br>WP(C)No.3485 of 2011 ശ്രീ. പി. അനിൽകുമാർ<br>WP(C)No.20342 of 2009 ശ്രീമതി ടി. രാജലക്ഷ്മി<br>WP(C)No.26203 of 2009 ശ്രീമതി പാത്തേയി<br>WP(C)No.26604 of 2009 ശ്രീ. ഗോപാലൻ ആന്റ് ശ്രീമതി പ്രേമ<br>WP(C)No.34150 of 2009 ശ്രീമതി കോമളവല്ലി<br>WP(C)No.3137 of 2011 ശ്രീ. ജയഫർമൊയ്തു<br><br>മേൽ കേസ്സുകളിൽ ശ്രീ. ജയഫർ മൊയ്തു ഫയൽ ചെയ്ത (WP(C)No.3137 of 2011) കേസ്സൊഴികെ സർക്കാരിന് അനുകൂലമായി വിധി ഉണ്ടാവുകയും, അവരുടെയെല്ലാം ഭൂമി സൈബർപാർക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. ജയഫർ മൊയ്തുവിന്റെ കേസ്സിൽ അദ്ദേഹം സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ തീരുമാനമെടുക്കണമെന്ന് വിധിയായിട്ടുണ്ട്. ബഹു. ഹൈക്കോടതി 9.2.2012 ന്റെ ഈ കേസിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടില്ല. സൈബർ പാർക്ക് സി.ഇ.ഒ. നൽകിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| സി) എങ്കിൽ ആരാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ സർക്കാരോ സി.ഇ.ഒ. യോ എന്തെങ്കിലും സത്യവാങ്മൂലം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കാമോ ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**